# പതിമൂന്നാം കേരളനിയമസഭ

## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം : 2127** **23.3.2012 ൽ മറുപടിയ്ക്ക്**

## സൗരോർജ്ജ നഗരപദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സി. പി. മുഹമ്മദ്<br>,, കെ. ശിവദാസൻ നായർ<br>,, വി. റ്റി. ബൽറാം<br>,, എ. റ്റി. ജോർജ് | ശ്രീ.ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവകുപ്പുമന്ത്രി) |
| എ) മുൻ സർക്കാരിന്റെ കാലത്ത് സൗരോർജ്ജ നഗരപദ്ധതി നഷ്ടപ്പെട്ട കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ ;<br><br>ബി) സംസ്ഥാനത്തെ ഏതെല്ലാം നഗരങ്ങളെ യാണ് കേന്ദ്ര സർക്കാർ ഈ പദ്ധതി യിൽ തെരഞ്ഞെടുത്തിരുന്നത്; | (എ) & (ബി) സംസ്ഥാനത്ത് തിരുവനന്തപുരം, കൊച്ചി, കോർപ്പറേഷനുകളിൽ കേന്ദ്ര സർക്കാർ പദ്ധതിയായ സൗരോർജ്ജ നഗര പദ്ധതി മുൻസർക്കാരിന്റെ കാലത്ത് അനുവദിച്ചിരുന്നു. എങ്കിലും യഥാ സമയം തുടർനടപടി ഉണ്ടാകാത്ത തിനെ തുടർന്ന് ഈ പദ്ധതി നഷ്ടപ്പെടുന്ന അവസ്ഥ സംജാതമാവു കയുണ്ടായി. എന്നാൽ ഇപ്പോൾ ഈ സർക്കാരിന്റെ സമയോചിതമായ ഇടപെടലിനെ തുടർന്ന് പദ്ധതിക്ക് വീണ്ടും അംഗീകാരം ലഭിക്കുക യുണ്ടായി. |
| സി) പ്രസ്തുത പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തൊക്കെയായിരുന്നു; | (സി) പാരമ്പര്യേതര ഊർജ്ജത്തിന്റേയും ഊർജ്ജ ഉപകരണങ്ങളുടേയും വ്യാപനത്തിനായുള്ള ബോധവത്ക്കരണം, സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കൽ എന്നിവയാണ് ഈ പദ്ധതികളിലൂടെ പ്രധാനമായും ലക്ഷ്യമിടുന്നത്. |
| ഡി) പ്രസ്തുത പദ്ധതി പുനരുജ്ജീവിപ്പി ക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (ഡി) പദ്ധതിക്ക് വീണ്ടും അംഗീകാരം ലഭിച്ചതിനെതുടർന്ന് അതാതു കോർപ്പറേഷനുകളുമായി ബന്ധപ്പെട്ട് അവർ അവിടങ്ങളിൽ പൂർത്തിയാക്കേണ്ട നടപടിക്രമങ്ങളും സജ്ജീകരണങ്ങളും സമയബന്ധിതമായി ചെയ്തുതീർക്കാൻ ശ്രമങ്ങൾ നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ